## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 363 **12.01.2021 ൽ മറുപടിയ്ക്ക്**

## അവശ്യസാധനങ്ങളുടെ വില

<u>ചോദ്യം</u>
ശ്രീ. പുരുഷൻ കടലുണ്ടി

<u>ഉത്തരം</u>
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ല എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (എ) | സപ്ലൈകോ വില്പന ശാലകളിലൂടെ ആവശ്യമായ അളവിൽ ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കിയും സബ്സിഡി സാധനങ്ങളുടെ വിലയിൽ വർദ്ധനവ് വരുത്താതെയുമാണ് വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നത്. വിപണി ഇടപെടൽ പ്രവർത്തനത്തിന്റെ ഭാഗമായി വിലയിൽ മാറ്റമില്ലാതെ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി താരതമ്യേന കൂടുതൽ തുകയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ളത്. സബ്സിഡിയിനത്തിൽ സപ്ലൈകോയ്ക്കുണ്ടാകുന്ന ബാധ്യത ലഘൂകരിക്കുന്നതിന് സർക്കാർ ഇത് വരെ **3420.79** കോടി രൂപ സപ്ലൈകോയ്ക്ക് നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ വില സ്ഥിരതാ ഫണ്ട് ഉപയോഗപ്പെടുത്തി നാഫെഡ്, കേന്ദ്രീയ ഭണ്ടാർ മുതലായ കേന്ദ്ര ഏജൻസികളിൽ നിന്നും കുറഞ്ഞ വിലയിൽ കൂടുതൽ ഭക്ഷ്യ വസ്തുക്കൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോളുള്ള മാവേലി സ്റ്റോറിലെ അവശ്യസാധനങ്ങളുടെ വില നിലവാരപ്പട്ടിക ലഭ്യമാക്കാമോ; ഇപ്പോൾ ഈ അവശ്യസാധനങ്ങളുടെ വിലയിൽ വലിയ മാറ്റം വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോഴത്തെ വിലനിലവാരപ്പട്ടിക ലഭ്യമാക്കാമോ? | (ബി) | സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| ക്രമ നം | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള സബ്സിഡി വില്പന വില | 2021 ജനുവരി മാസത്തെ സബ്സീഡി വില്പന വില |
|---|---|---|---|
| 1 | ചെറുപയർ | 74.00 | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 | 66.00 |
| 3 | വൻകടല | 43.00 | 43.00 |
| 4 | വൻപയർ | 45.00 | 45.00 |
| 5 | തുവര പരിപ്പ് | 65.00 | 65.00 |
| 6 | മുളക് | 75.00 | 75.00 |
| 7 | മല്ലി | 92.00 | 79.00 |
| 8 | പഞ്ചസാര | 22.00 | 22.00 |
| 9 | വെളിച്ചെണ്ണ | 88.00 | 90.00* |
| 10 | ജയ അരി | 25.00 | 25.00 |
| 11 | കുറുവ അരി | 25.00 | 25.00 |
| 12 | മട്ട അരി | 24.00 | 24.00 |
| 13 | പച്ചരി | 23.00 | 23.00 |

* വില്പന നികുതിയിൽ വർദ്ധനവ് വന്നതിനാലാണ് വെളിച്ചെണ്ണയുടെ വില 2.00 രൂപ വർദ്ധിച്ചത്.

സെക്ഷൻ ഓഫീസർ